പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 224 02.03.2020 ൽ മറുപടിക്ക്

# പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ വികസനം

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ എത്ര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി 28.03.2017- ലെ ജി.ഒ.(ആർ.ടി.)നം.845/ 2017/ ആ.കു.വ. പ്രകാരം 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുകയും 16.05.2018 ലെ ജി.ഒ(എം.എസ്.)നം.113/ 2018/ ആ.കു.വ പ്രകാരം 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാന പ്ലാൻ ഫണ്ട്, എൻ.എച്ച്.എം.ഫണ്ട്, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയുള്ള ഫണ്ട് എന്നിവ ഉപയോഗിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് സേവനങ്ങൾ വിപുലപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഈ കേന്ദ്രങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് രോഗീ-സൗഹൃദവും ജനസൗഹൃദവും ആക്കുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട രജിസ്ട്രേഷൻ കൗണ്ടറുകൾ, ടോക്കൺ സംവിധാനം, സൗകര്യങ്ങളുള്ള കാത്തിരിപ്പ് മുറികൾ, നല്ല ഇരിപ്പിടങ്ങൾ, ആരോഗ്യ ബോധവൽക്കരണത്തിനുള്ള ഡിസ്പ്ലേ ബോർഡുകൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, മുലയൂട്ടൽ മുറി, സ്ത്രീസൗഹൃദവും ഭിന്നശേഷി സൗഹൃദമായ ടോയ്‌ലറ്റുകൾ തുടങ്ങിയവ സജ്ജീകരിക്കുന്നു. ഈ കേന്ദ്രങ്ങളിൽ നേഴ്സുമാർ വഴിയുള്ള പ്രീ ചെക്ക് അപ്, ജീവിതശൈലി രോഗനിയന്ത്രണ ക്ലിനിക്കുകൾ (എൻ.സി.ഡി), ആസ്ത്മ-ശ്വാസംമുട്ടൽ രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ് ക്ലിനിക്' തുടങ്ങിയവ സജ്ജീകരിക്കുന്നു. |

Hari
സെക്ഷൻ ഓഫീസർ